**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1140** **09-10-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യഫെഡിന്റെ അന്തിപ്പച്ച മത്സ്യ വിപണനം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യഫെഡിന്റെ അന്തിപ്പച്ച മത്സ്യ വിപണനം എന്ന പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | ഭക്ഷ്യസുരക്ഷ ഉറപ്പാക്കി ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി മത്സ്യഫെഡിന്റെ "തീരത്തുനിന്നും മാർക്കറ്റിലേയ്ക്ക്" (Coast to Market) പദ്ധതിയുടെ ഭാഗമായി അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് അന്നന്നുതന്നെ ലഭ്യമാക്കുന്നതിനായി മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ 2017 മുതൽ പ്രവർത്തിച്ചു വരുന്ന സഞ്ചരിക്കുന്ന മത്സ്യവിപണനശാലകളാണ് "അന്തിപ്പച്ച യൂണിറ്റ്". സംസ്ഥാന സർക്കാർ ധനസഹായത്തോടുകൂടി എയർ കണ്ടീഷൻ സംവിധാനത്തോടു കൂടി ആധുനിക രീതിയിലുള്ള മത്സ്യവിപണന കേന്ദ്രങ്ങളും സഹകരണ ബാങ്ക്/സംഘവുമായി ചേർന്നുള്ള ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകളും സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാകുന്നതിനുള്ള കാലതാമസവും, സ്ഥലം ലഭ്യമാകാതെ വരികയും ചെയ്യുന്ന സാഹചര്യത്തിലും, ഉപഭോക്താക്കളുടെ സ്വീകാര്യതയും സൗകര്യവും കണക്കിലെടുത്താണ്. അന്തിപ്പച്ച യൂണിറ്റുകൾ ആരംഭിച്ചിട്ടുള്ളത്. നിലവിൽ മത്സ്യഫെഡ് തനത് ഫണ്ടുപയോഗിച്ച് വാങ്ങിയ 15-ഉം, ചെങ്ങന്നൂർ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് വാങ്ങിയ ഒരു അന്തിപ്പച്ച വാഹനവും ഉൾപ്പെടെ 16 അന്തിപച്ച വാഹനങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്നു. മത്സ്യത്തിനു പുറമേ വിവിധതരം മത്സ്യവിഭവങ്ങൾ, കൈറ്റോൺ ഗുളികകൾ എന്നിവയും ഈ യൂണിറ്റ് വഴി വിപണനം ചെയ്തു വരുന്നു.<br><br>Force Traveller Delivery Van എന്ന വാഹനത്തിലാണ് മത്സ്യവിപണന ത്തിനായുള്ള സജ്ജീകരണങ്ങൾ നടത്തി യൂണിറ്റ് പ്രവർത്തിപ്പിക്കുന്നത്. മത്സ്യത്തൊഴിലാളി സ്വയം സഹായ ഗ്രൂപ്പിലെ 2 വനിതകളും ഒരു കട്ടറും ഒരു |

| | | | |
|---|---|---|---|
| | | | ഡ്രൈവറും ഉൾപ്പെടുന്ന ടീം ആണ് അന്തിപ്പച്ച യൂണിറ്റിലെ ജീവനക്കാർ. വിപണന സാധ്യതയുള്ള സ്ഥലങ്ങളിൽ ഉച്ചയ്ക്ക് 3.30 മുതൽ രാത്രി 8 മണിവരെയാണ് യൂണിറ്റിന്റെ പ്രവർത്തന സമയം. ആവശ്യാനുസരണം മറ്റ് സമയങ്ങളിലും വിൽപ്പന നടത്തുന്നു. അന്തിപ്പച്ച യൂണിറ്റിൽ ജോലി ചെയ്യുന്ന തൊഴിലാളിയ്ക്ക് വിൽപ്പന വിലയുടെ 3% കമ്മീഷൻ, ഇൻസെന്റീവ് ഇനത്തിൽ ലഭിക്കുന്നു. അതോടൊപ്പം അറ്റാദായത്തിന്റെ 20% വരുമാനമായി ലഭിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം മത്സ്യഫെഡിന് വാഹനം വാങ്ങുന്നതിന് മണലൂർ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 18 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | അന്തിപ്പച്ച പദ്ധതി പ്രകാരം മത്സ്യഫെഡിന് വാഹനം വാങ്ങുന്നതിന് 2023-24 സാമ്പത്തിക വർഷത്തിൽ മണലൂർ എം.എൽ.എ തൃശ്ശൂർ ജില്ലാ കളക്ടർക്ക് ശിപാർശ നൽകിയിട്ടുണ്ട്. ആയതിന് ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതി ലഭിക്കേണ്ടതുണ്ട്. |
| (സി) | പ്രസ്തുത വാഹനം വാങ്ങുന്നതിന് ഭരണാനുമതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതു സംബന്ധിച്ച വിശദാംശം നൽകാമോ ? | (സി) | അന്തിപ്പച്ച പദ്ധതി പ്രകാരം മത്സ്യഫെഡിന് വാഹനം വാങ്ങുന്നതിന് 2023-24 സാമ്പത്തിക വർഷത്തിൽ മണലൂർ എം.എൽ.എ തൃശ്ശൂർ ജില്ലാ കളക്ടർക്ക് ശിപാർശ നൽകിയിട്ടുണ്ട്. ആയതിന് ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതി ലഭിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ